**ഭരണഭാഷ–മാതൃഭാഷ**

ICDS/B5-13649/2021

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 21-03-2022
ഇ-മെയിൽ :directorate.wcd@kerala.gov.in
Phone No: 0471 2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അങ്കണവാടികളിൽ കുടിവെള്ള സംവിധാനം, ടോയ്‌ലറ്റ് സംവിധാനം - സെന്റർ മാറ്റി നൽകുന്നത് - സംബന്ധിച്ച്.

സൂചന : 12/11/2019 ലെ പ്രോഗ്രാം ഓഫീസർമാരുടെ അവലോകന യോഗ തീരുമാനം.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വനിത ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾക്ക് കുടിവെള്ള സംവിധാനം, ടോയ്‌ലറ്റ് എന്നിവ ഒരുക്കുന്നതിനായി കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട് അങ്കണവാടി സെന്ററുകൾക്ക് നൽകുന്നതിനായി ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് അലോട്ട്മെന്റായി നൽകിയിരുന്നു. ഇപ്രകാരം അംഗീകരിക്കുന്ന ലിസ്റ്റിൽ മാറ്റം ആവശ്യമായുണ്ടെങ്കിൽ അനുയോജ്യമായ മാറ്റം വരുത്തുന്നതിന് പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

ഇപ്രകാരം അനുവദിച്ച അങ്കണവാടികളിൽ മാറ്റം വരുമ്പോൾ പ്രോഗ്രാം ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഫണ്ട് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് റി-അലോക്കേറ്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർ സ്വീകരിക്കേണ്ടതാണ്. ടി തുക ശിശു വികസന പദ്ധതി ഓഫീസർമാർ നടപ്പുസാമ്പത്തിക വർഷം തന്നെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറേണ്ടതാണ്. ഇക്കാര്യത്തിൽ പ്രോഗ്രാം ഓഫീസർമാർ ജാഗ്രത പുലർത്തി, ഫണ്ട് സറണ്ടർ ചെയ്യുന്നില്ല എന്ന ഉറപ്പുവരുത്തേണ്ടതും, മാറ്റം വരുത്തിയ അങ്കണവാടികൾ സംബന്ധിച്ച് സാധൂകരണത്തിനായി ഈ കാര്യാലയത്തിൽ സമർപ്പിക്കേൺണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി